# KERALA KAUMUDI - 27-04-2025

## സിഫ്റ്റ് സ്ഥാപകദിനാഘോഷം: 29ന് സൗജന്യ പ്രദർശനം

കൊച്ചി: മത്സ്യമേഖലയിലെ സാങ്കേതികവിദ്യകളും അറിവുകളും കൂടുതൽ ജനകീയമാക്കാൻ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റ് 29ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ പൊതുജനങ്ങൾക്കായി തുറന്നിടും. പ്രവേശനം സൗജന്യമാണ്.

സിഫ്റ്റിന്റെ 68-ാമത് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായാണ് ഓപ്പൺ ഹൗസ് പ്രദർശനം. കഴിഞ്ഞ 67 വർഷത്തിനിടയിൽ മത്സ്യവിളവെടുപ്പ്, മത്സ്യസംസ്കരണം, പാക്കേജിംഗ്, ഗുണനിലവാര ഉറപ്പ്, മൂല്യവർധിത മത്സ്യ ഉത്പന്നങ്ങൾ, മത്സ്യ മാലിന്യവിനിയോഗം എന്നീ മേഖലകളിൽ സിഫ്റ്റ് ശാസ്ത്രീയ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഓരോ ഡിവിഷനുകളിലെനൂതന സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ തുടങ്ങിയവ ഓപ്പൺ ഹൗസിൽ സന്ദർശിക്കാം. കർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായക സംഘങ്ങൾ, മത്സ്യപ്രേമികൾ, സംരംഭകർ തുടങ്ങി എല്ലാവർക്കും സ്ഥാപകദിനത്തിൽ ഇവിടം സന്ദർശിക്കാം. വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും.

ഇതിനുപുറമേ 29ന് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരവും ഉപന്യാസ മത്സരവും സംഘടിപ്പിക്കുന്നുണ്ട്. മത്സരത്തിൽ പങ്കെടുക്കേണ്ടവർ സിഫ്റ്റിന്റെ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ 27ന് അവസാനിക്കും. ഫോൺ: 9895479974.